**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4891** **20-03-2025 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിൽ കെ.ആർ.എഫ്.ബി. മുഖേന നടത്തുന്ന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് മണ്ഡലത്തിൽ കെ.ആർ.എഫ്.ബി. മുഖേന നടത്തുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ള തുകയും അവയുടെ പുരോഗതിയും തരം തിരിച്ച് വിശദമാക്കാമോ? | (എ) | കോങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി കെ ആർ എഫ് ബി മുഖേന നടന്നു വരുന്ന പ്രവർത്തികൾ ചുവടെ നൽകുന്നു:<br><br>കോങ്ങാട് മണ്ഡലത്തിലെ എഴുത്തോമ്പാറ പാലത്തിന് 14.36 കോടി രൂപയ്ക്കു കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ അരപ്പാറ സ്കൂൾ വരെയുള്ള അപ്പ്രോച്ച് റോഡിന് കിഫ്ബിയിൽ നിന്നും 10.23 കോടി രൂപയ്ക്ക് പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>2) കോങ്ങാട് മണ്ഡലത്തിലെ ഓടനൂർ പാലത്തിന് 15 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതിയും 11.7 കോടി രൂപയ്ക്കു കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭ്യമാക്കുകയുണ്ടായി. എന്നാൽ കിഫ്ബി അംഗീകരിച്ച സാമ്പത്തിക അനുമതിയിൽ ലാൻഡ് അക്വിസിഷനുള്ള തുക ഇല്ലാത്തതിനാൽ, ലാൻഡ് അക്വിസിഷനുള്ള തുക ഉൾപ്പെടുത്തി പുതുക്കിയ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും 16.89 കോടി രൂപയ്ക്കു ലഭ്യമാക്കിയിട്ടുണ്ട്. അതിൻപ്രകാരം പുതുക്കിയ അലൈന്മെന്റിന് അംഗീകാരം നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിൽ പറളി-II വില്ലേജിൽ ഉൾപ്പെട്ട 38 ആർസ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നു. പുതുക്കിയ സാമ്പത്തിക അനുമതി റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരം സാങ്കേതിക അനുമതിക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തോടുകൂടി സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

3) കോങ്ങാട് മണ്ഡലത്തിലെ പറളി പാലത്തിന് 10 കോടി രൂപക്ക് പുതുക്കിയ തത്വത്തിലുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കിഫ്ബിയുടെ സാമ്പത്തികം ലഭ്യമായതിനുശേഷം പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4) ചിറക്കൽപ്പടി കാഞ്ഞിരപ്പുഴ റോഡിന് 10 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി നൽകുകയും 30.26 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതിയും 37.52 കോടി രൂപയ്ക്ക് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തിക അനുമതിയും ലഭ്യമാക്കിയിരുന്നു. 21.96 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയ പ്രവൃത്തി, 19.73 കോടി രൂപയ്ക്ക് M/S. ULCCS ന് കരാർ നൽകി നിർമാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

5) കോങ്ങാട് മണ്ണാർക്കാട് ടിപ്പുസുൽത്താൻ റോഡിന് 15 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി നൽകുകയും 53.89 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും 59.02 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിരുന്നു. റോഡിലെ നിർമാണ പ്രവർത്തികൾ 100% പൂർത്തിയായിട്ടുണ്ട് എന്നാൽ, പ്രസ്തുത റോഡിൽ ചെയിനേജ് 2/200-ൽ ഇറിഗേഷൻ കനാലിന് കുറുകെയുള്ള വീതി കുറഞ്ഞ പഴയ പാലം പൊളിച്ച് പുതിയ പാലം നിർമ്മിക്കുന്നതിലേക്കായി പാലത്തിന്റെ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി ഇറിഗേഷൻ വകുപ്പിന്റെ NOC-യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കി പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

6) കോങ്ങാട് നിയോജകമണ്ഡലത്തിലെ കമ്പ ചളിക്കടവ് പാലത്തിന് 20 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളതും കിഫ്ബിയിൽ നിന്നും 10.734 കോടി രൂപക്ക് സാമ്പത്തിക അനുമതി നൽകിയിട്ടുള്ളതുമാണ്. എന്നാൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പുതുക്കിയ ഡിസൈൻ അനുസരിച്ച് ലാൻഡ് അക്വിസിഷൻ ഉൾപ്പടെയുള്ള 14.24 കോടി രൂപയുടെ എസ്റ്റിമേറ്റ് സാമ്പത്തിക അനുമതിയെക്കാൾ കൂടുതൽ ആയതിനാൽ പുതുക്കിയ സാമ്പത്തിക അനുമതിയ്ക്കായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതാണ് ഉത്തമമെന്ന ഡിസൈൻ വിഭാഗത്തിന്റെ അഭിപ്രായപ്രകാരം Single Lane Bridge നിർമ്മാണം ഡെപ്പോസിറ്റ് വർക്ക് ആയി

| | |
|---|---|
| | PWD മുഖേന ക്രമീകരിക്കുന്നത് KIIFB -യുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ